**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1710** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളം വഴി കാർഷിക ഉല്പന്ന കയറ്റുമതി സാധ്യതകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഴം -പച്ചക്കറി ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉത്തേജനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനോട് അനുബന്ധിച്ച് സെൻറർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | കൃഷി വകുപ്പിനു വേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള NABARD-RIDF Tranche XXVII-ൽ ഉൾപ്പെടുത്തി , കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ സെന്റർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ, പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിന്നും നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ.) പിൻമാറി. |
| (സി) | പഴം പച്ചക്കറി കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കറ്റ് ഓഫ് കൺഫോർമിറ്റി ലഭിക്കാൻ അവശിഷ്ട വിഷാംശ പരിശോധന ലാബ് വിമാനത്താവള പരിസരത്തോ കാലിക്കറ്റ് സർവകലാശാലയോട് ചേർന്നോ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇക്കാര്യത്തിൽ കേരള കാർഷിക സർവ്വകലാശാല ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഡി) | വിമാനത്താവളത്തിലെ കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന ശൃംഖലയിൽ ഉൾപ്പെടുന്ന ഉല്പാദകർ, കയറ്റുമതിക്കാർ, അനുബന്ധ തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരെ ഉൾപ്പെടുത്തി ഒരു എക്സ്പോർട്ടേഴ്സ് മീറ്റ് നടത്തി കയറ്റുമതി സാധ്യത വിപുലപ്പെടുത്തി കാർഷിക മേഖലയ്ക്ക് മുന്നേറ്റം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ? | (ഡി) | കാർഷിക കയറ്റുമതി ശൃംഖലയിൽ ഉൾപ്പെടുന്ന ഉൽപാദകർ, കയറ്റുമതിക്കാർ തുടങ്ങിയവരെ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ കോഴിക്കോട് ജില്ലയിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ